# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## റാന്നി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.6/1109/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 05/11/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : റാന്നി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.6/1109/2024

തീയ്യതി: 05/11/2024

## പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റ്റി അനിൽകുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2024 | 29-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2024 | 29-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.മുഹ്സിൻ ഫൈസൽ , ഓഡിറ്റ് ഓഫീസർ
ശ്രീ.ഷൈജു വൈ. , അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖാ ജനാർദ്ദനൻ , അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി. , സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ ആർ പ്രകാശ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി മിനി മറിയം ജോർജ്ജ് | സെക്രട്ടറി | 01-04-2023 | 26-08-2023 |
| ശ്രീമതി സുധാകുമാരി ജി | സെക്രട്ടറി | 27-08-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) |
| --- | --- | --- |
| ഡോ.ജിദ.എം | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2023 |
| ഡോ.ലക്ഷ്മി ജി.കൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-05-2023 |
| ഡോ.നീലി നായർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-09-2023 |
| ഡോ.ശാലിനി എസ് നായർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 23-11-2023 |
| ഡോ.പ്രീതി.എസ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 13-02-2024 |
| ഡോ.ഹാംലറ്റ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2023 |
| ഡോ.ശീതൾ സുഗതൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 |
| ഡോ.ലിപിൻ എൽ എസ് | വെറ്ററിനറി സർജൻ | 01-04-2023 |
| ഡോ.ആൽഫിൻ ജോസഫ് | വെറ്ററിനറി സർജൻ | 03-01-2024 |
| ശ്രീ.ലാൽകുമാർ കെ | കൃഷി ഓഫീസർ | 01-04-2023 |
| ശ്രീമതി റോസമ്മ സി.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 |
| ശ്രീമതി സൂര്യ ബി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-12-2023 |
| ശ്രീ.പ്രശാന്ത് പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 |
| ശ്രീ.ഷിബു.എബ്രഹാം | ഹെഡ് മാസ്റ്റർ | 01-04-2023 |
| ശ്രീ.സുനിൽ സി.പി | ഹെഡ് മാസ്റ്റർ | 11-10-2023 |
| ശ്രീമതി ആനി ഷിജി | അസി.എഞ്ചിനീയർ | 01-04-2023 |

| | | |
|---|---|---|
| ശ്രീമതി രഞ്ജിനി പി കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 |
| ശ്രീ.ശ്യാം കൃഷ്ണപ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 |
| ശ്രീമതി ചിഞ്ചു എസ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-08-2023 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | മുൻ കാലയളവ് (Prior Period) ഹെഡ്ഢുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വാർഷിക ധനകാര്യ പത്രികയിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-1-9 |
| 11 | ഗുണഭോക്തൃവിഹിതം-അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-10 |
| 12 | തൊഴിലുറപ്പ് പദ്ധതി- ഭരണചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-11 |

| | | |
|---|---|---|
| 13 | സെക്യൂർഡ് ലോൺ ഇനത്തിലുള്ള തുക കൃത്യമല്ല | 1-1-12 |
| 14 | സി.എഫ്.സി ഗ്രാന്റിൽ പലിശയിനത്തിൽ ലഭിച്ച 32926 രൂപ അക്കൗണ്ട് ചെയ്തില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | വസ്തുനികുതി പുനർനിർണ്ണയം, പരിഷ്ക്കരണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചില്ല | 1-11 |
| 25 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശിക | 1-12 |
| 26 | ധാതു ഗതാഗത പെർമിറ്റ് - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 27 | ഡിജിറ്റൽ പേയ്മെന്റ് കറന്റ് അക്കൗണ്ടിലെ തുക തനത് ഫണ്ട് എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നില്ല | 1-14 |
| 28 | ലൈസൻസ് ഫീസ് പിരിവ് -സ്ഥാപനങ്ങളെ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല | 1-15 |
| 29 | ജീവനക്കാരുടെ തൊഴിൽ നികുതി - തുക ലഭ്യമായില്ല | 1-16 |
| 30 | മരണപ്പെട്ടവർക്ക് ക്ഷേമ പെൻഷൻ വിതരണം- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |
| 31 | വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ ചെലവഴിക്കുന്നില്ല | 1-18 |

| | | |
|---|---|---|
| 32 | പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾ നീക്കം ചെയ്യതതിലൂടെ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വാർഷിക ലാഭം 7 ലക്ഷം രൂപ | 1-19 |
| 33 | ലൈഫ് മിഷൻ വായ്പ- അധികമായി തുക തിരികെ അടവാക്കി | 1-20 |
| 34 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 9.68 ലക്ഷം നഷ്ടമായി | 1-21 |
| 35 | വാഹന റിപ്പയറിംഗ്- സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-22 |
| 36 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-23 |
| 37 | 57.25 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-24 |
| 38 | ഭവനനിർമ്മാണം/പുനരുദ്ധാരണം പൂർത്തീകരിച്ചില്ല | 1-25 |
| 39 | അങ്കണവാടികൾ - അവലോകനം | 1-26 |
| 40 | അങ്കണവാടി കെട്ടിട നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചു | 1-27 |
| 41 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-28 |
| 42 | അതിദരിദ്രർക്കുള്ള പ്രോജക്ട് നടപ്പായില്ല | 1-29 |
| 43 | ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായും വിനിയോഗിക്കുന്നില്ല | 1-30 |
| 44 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ-അവലോകനം | 1-31 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. റാന്നി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെ & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഫോറങ്ങളും ഭരണസമിതിയുടെ 24/05/2024 തീയതിയിലെ 1(1)-ാം നം. തീരുമാനം 25/05/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധക അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കു എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കു സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസ ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിര ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയ സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരി ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, റാന്നി ഗ്രാമപഞ്ചായത്തിന്റെ 202 വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്ത 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട
05/11/2024

## 1-1-1 ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം പൊരുത്തപ്പെടുന്നില്ല.

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കി

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-4 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിത രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൻ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡി ഒറ്റത്തവണയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-45, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെട്ട

ഷെഡ്യൂൾ ബി7 പ്രകാരം 115276 രൂപ നീക്കി ബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്ര ബോധ്യപ്പെടുന്ന തരത്തിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ട

## 1-1-7 മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ഷെഡ്യൂൾ I(19) പ്രകാരം Prior Period Income ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വരുമാനം ഇനങ്ങളിൽ രേഖപ്പെടുത്തിയി അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത സാധിച്ചിട്ടില്ല.

**1-1-8 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി തുകകളും പൊരുത്തപ്പെടുന്നില്ല**

ലൈസൻസ് ഫീ, തൊഴിൽ നികുതി, വാടക എന്നിങ്ങനെയുള്ള വരവിനങ്ങളിലെ വാർഷിക ക അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-9 വാർഷിക ധനകാര്യ പത്രികയിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കു**

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല പൊതുമരാമത്ത് വിഭാഗം എന്നിവയിൽ മുൻകൂർ നൽകിയ ഇനത്തിൽ വലിയ തുക ക്രമീകരിക്ക പ്രസ്തുത സ്ഥാപനങ്ങളിൽ നൽകിയ മുൻകൂർ തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പ്രസ്തുത അക്കൗണ്ട് ഹെഡ്ഡ് കൃത്യമാക്കേണ്ടതാണ്.

**1-1-10 ഗുണഭോക്തൃവിഹിതം-അക്കൗണ്ടിംഗ് കൃത്യമല്ല**

ഗുണഭോക്തൃവിഹിതമിനത്തിൽ ഷെഡ്യൂൾ ബി-4 പ്രകാരം 10692 രൂപ ബാധ്യതയായി ക മുൻവർഷവും ക്രമീകരിക്കാതെ അവശേഷിച്ച തുകയാണ്. പ്രസ്തുത തുക ക്രമീകരിക്കുകയോ നിർവ്വ തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

**1-1-11 തൊഴിലുറപ്പ് പദ്ധതി- ഭരണചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി**

തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾ ഇനത്തിൽ 1333537 രൂപ ചെലവഴിച്ചുവെങ്കിലും പ്രസ്ത ഉൾപ്പെടുത്തിയിട്ടില്ല.

**1-1-12 സെക്യൂർഡ് ലോൺ ഇനത്തിലുള്ള തുക കൃത്യമല്ല**

ഷെഡ്യൂൾ ബി-5 പ്രകാരം KURDFC ഇനത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ ബാധ്യത - 588248 യഥാർത്ഥ ബാധ്യതാ തുക -212538 രൂപയാണ്.

**1-1-13 സി.എഫ്.സി ഗ്രാന്റിൽ പലിശയിനത്തിൽ ലഭിച്ച 32926 രൂപ അക്കൗണ്ട് ചെ**

സി.എഫ്.സി ഗ്രാന്റിൽ 32926 രൂപ 28-03-2024-ൽ പലിശയിനത്തിൽ ലഭിച്ചിരുന്നു. എന്നാൽ പ്ര ചെയ്ത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 20.03.2023 തീയതിയിലെ (1) 1-ാം നമ്പ അംഗീകരിച്ചു. 159006063 രൂപ പ്രതീക്ഷിത വരവും 153402585 രൂപ പ്രതീക്ഷിത ചെലവും 5603 നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 05.02.2024 തീയത തീരുമാന പ്രകാരം അംഗീകരിച്ചു.

**1-3 സാമ്പത്തിക വിശകലനം**

| | ഇനം | റസിപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ |
|---|---|---|---|

| | | പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 19244926 | |
| ഓഡിറ്റ് വർഷത്തെ വരവ് | 26047221 | 751 |
| ആകെ വരവ് | 45292147 | |
| ഓഡിറ്റ് വർഷത്തെ ചെലവ് | 27551708 | 751ŧ |
| നീക്കിയിരിപ്പ് | 17740439 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11694000 | 11694000 | 9144012 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2666000 | 2666000 | 2264715 | |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 218000 | 218000 | 218000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3082382 | 1452000 | 4534382 | 804587 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 807536 | 1092051 | 1899587 | 1897746 | |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 2479350 | 2479350 | 2271225 | |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 2319400 | 2319400 | 1043083 | |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |
| ശുചിത്വ മിഷൻ | 415556 | 0 | 415556 | 0 | |
| ലൈഫ് -സംസ്ഥാനം വിഹിതം | 1100000 | 1100000 | 2200000 | 2164000 | |
| ജലനിധി | 1246448 | 205628 | 1452076 | 1021133 | |
| ശബരിമല ഗ്രാന്റ് | 994030 | 0 | 994030 | 711956 | |
| ബയോഡൈവേഴ്സിറ്റി | 590620 | 16103 | 606723 | 12626 | |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| ഐ.സി.ഡി.എസ്. | 1504446 | 768172 | 2272618 | 410436 | |
| എം.ജി.എൻ.ആർ.ജി.എസ് | 0 | 14744929 | 14744929 | 14744929 | |
| ഹെൽത്ത് ഗ്രാന്റ് | 123096 | 680443 | 803539 | 0 | |
| ഹെൽത്ത് ഗ്രാന്റ്- റൂറൽ | 30428 | 300060 | 330488 | 151587 | |

1) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 686700 വീതം 9 ഗഡുക്കളായി 6180300 രൂപ ഗ്രാമപഞ്ചായത

2) സി.എഫ്.സി (അൺ ടൈഡ്) ഗ്രാന്റിനത്തിൽ ജി.ഒ.(ആർ.ടി.)നം.8385/2023/ഫിൻ തീയത സർക്കാർ അനുവദിച്ച 968000 രൂപ ഗ്രാമപഞ്ചായത്തിന്റെ സി.എഫ്.സി അക്കൗണ്ടിൽ ക്രഡിറ്റ് ഒ

**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ**

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി-വായ്പാ തിരിച്ചടവ് ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ട തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | |
| ,, | അങ്കണവാടി അധിക വേതനം | |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | |
| വികസന ഫണ്ട്-റ്റി.എസ്.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | |

## 1-5 പദ്ധതി അവലോകനം

2023-24 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെല ശത |
|---|---|---|---|---|---|
| 161 | **63916978** | 104 | 26930427 | 57 | |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെല തുക |
|---|---|---|---|---|
| സെക്രട്ടറി | 39 | 27 | 7460533 | 3 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 5 | 1149100 | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 50 | 30 | 16970116 | |
| കൃഷി ഓഫീസർ | 9 | 9 | 3516400 | 1 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 12 | 25859565 | 1 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 7 | 3027425 | 1 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 8 | 3 | 2292089 | |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 325000 | |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 375000 | |
| പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ് | 5 | 1 | 651350 | |
| വെറ്ററിനറി സർജൻ | 5 | 4 | 1720400 | 1 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 470000 | |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 100000 | |

| | | | | |
|---|---|---|---|---|
| ആകെ | 161 | 104 | 63916978 | 26 |

സെക്രട്ടറി, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അ എന്നിവർ നിർവ്വഹണം നടത്തിയ നിരവധി പ്രോജക്ടുകളിൽ തൻവർഷം ചെലവ് വന്നിട്ടില്ല. പ്ര കൂടുതലെണ്ണവും നടപ്പാക്കിയിട്ടുണ്ടെങ്കിലും ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ ക്യൂ ബില്ലിൽ ആയതിനാലാണ് ചെലവ് കണക്കുകളിൽ ഉൾപ്പെടാത്തതെന്നുമാണ് നിർവ്വഹണ ഉദ്യോഗ മുൻവർഷ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള അഞ്ചാം വാർഡിലെ 4-ാം നമ്പർ അങ്കണവാടി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ലാത്ത അവസ്ഥയിലാണ്. ആയതു സംബന്ധിച്ച് ക്രി സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. അങ്കണവാട ഗണ്യമായ തുക നീക്കി ബാക്കി അവശേഷിക്കുന്നുണ്ട്. സ്വന്തമായി സ്ഥലവും, കെട്ടിടവുമില്ലാത്ത പശ്ചാത്തല സൗകര്യങ്ങളൊരുക്കാൻ ടി തുക വിനിയോഗിക്കാവുന്നതാണ്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേ

| ഇനം | മുന്നിരിപ്പ് | വരവ | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1333537 | 1333537 | 1333537 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13411392 | 13411392 | 13411392 | |
| ആകെ | 0 | 14744929 | 14744929 | 14744929 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 252800 | 22 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1630800 | 146 |
| വിധവാ പെൻഷൻ | 4980100 | 462 |
| വാർദ്ധക്യകാല പെൻഷൻ | 13545300 | 1323 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 144000 | 14 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് തീയതിയിൽ 03.00 P.M-ന്, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധനയിൽ 7170 രൂപ (ഏഴായിരത്തി ഒരുനൂറ്റി എഴുപത് രൂപ മാത്രം) നീക്കിയിരിപ്പിന്റെ ക്യ

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. അ സംബന്ധിച്ചുള്ള ഓഡിറ്ററിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

- ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽ
- ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്റർ പരിപാലിക്ക
- തൊഴിൽ നികുതി രജിസ്റ്റർ, ലേല രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിലെ വർഷാന്ത്യ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- ജീവനക്കാർ സ്ഥലംമാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഫ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- ആസ്തി രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.
- സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളും ILGMS പ്രകാരമുള്ള കണക്കുകളും തമ്മിൽ പെ
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ. 2019 ചട്ടത്തിലെ അനുബന്ധം ജി-2 മാതൃകയിലുള്ള ര എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററി സൂക്ഷിക്കേണ്ടതാണ്.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അ അവതരിപ്പിക്കേണ്ടതാണ്.
- ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ല വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന് സർക്കാർ നൽ പാലിക്കേണ്ടതാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറ
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേ
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.

- വായ്പാ രജിസ്റ്റർ മതിയായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നില്ല. ലഭ്യമായ വായ്പയു തുകയുടെ വിവരം, തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം എന്നിവ കാലികമാക്കേണ്ടതാണ്. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വായ്പ തുക തിരിച്ചടക്കാ സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല.
- സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയതിനെ തുടർന്ന് വെള്ളക്കരം ഗണ്യമായ സാധിച്ചിട്ടുണ്ട്.
- 29-10-2024 പ്രാബല്യത്തിൽ 24 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2022 | 01/22 മുതൽ 03/22 വരെ | 16.06.20 |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 05.03.2020 | 2014-15 മുതൽ 2018-19 വരെ | തീയതി |

## 1-11 വസ്തുനികുതി പുനർനിർണ്ണയം, പരിഷ്കരണം എന്നിവയ്ക്കായി നടപടികൾ സ്വീകരി

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്ത സംഗതിയിൽ നികുതി നിർണ്ണയ അധികാരി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011-െ രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17-ൽ പ്രതി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളോടു ചേർന്ന് അനധികൃതമായി കൂടുതൽ മുറികൾ കൂ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതുവഴിയും ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനാ സംവിധാനം ഏർപ്പെടുത്തണമെന്ന് ജി.ഒ.(എം.എസ്.)നം.77/2023/തസ്വഭവ തീയതി 22.03.20 നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത പരിശോധനാ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, യോഗ്യതയുള്ളവരെ തെ പരിശോധന നടത്തി, വിവരം ശേഖരിച്ചിട്ടുണ്ടോ, നിലവിൽ എത്ര വാർഡുകളിൽ വിവര പുനർനിർണ്ണയവും പൂർത്തീകരിച്ചിട്ടുണ്ട് എന്നീ വിഷയങ്ങളിലെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നട വ്യക്തമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.21/25-10-2024) നൽകിയിരുന്നു. ലഭ നിന്നും വ്യക്തമാകുന്നത് വേതനം കുറവായതിനാൽ ഫീൽഡ് പരിശോധനക്ക് യോഗ്യതയുള്ളവർ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ഫീൽഡ് പരിസോധന യാതൊരുവിധ തുടർനടപടികളോ ഉണ്ടായിട്ടില്ലായെന്നാണ്. ഇപ്രകാരം പരിശോധന നടക്കാ നിലവിലുള്ള വീടുകളോട് അനുബന്ധമായി പുതിയതായി ഉണ്ടായ നിർമ്മാണങ്ങൾ കണ്ടുപിടിക്ക നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനോ സാധിച്ചിട്ടില്ലായെന്നാണ്. ഇത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം ഓരോ വർഷവും ഉണ്ടാകുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയത്തിന്റെ ഗ്രാമപഞ്ചായത്ത് ഭരണസമിതി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വസ്തുനി ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുടർനടപടികൾ കൈക്കൊള്ളേ

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശിക

സഞ്ചയയിലെ കണക്കുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന രൂപയാണ്. ഇതിൽ ഭൂരിഭാഗവും മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിലുള്ള തുകയാണ്. ( ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ വിവരം | കെട്ടിട നമ്പർ | കാലയളവ് | തുക |
|---|---|---|---|---|
| 1 | ജനറൽ മാനേജർ<br>ബി.എസ്.എൻ.എൽ<br>തിരുവല്ല | 2/142 | 2023-24 I & II | |
| 2 | വൊഡാഫോൺ ലിമിറ്റഡ്<br>എറണാകുളം | 7/319 | 2021-22 I & II<br>2022-23 I & II<br>2023-24 I & II | |
| 3 | വൊഡാഫോൺ ലിമിറ്റഡ്<br>എറണാകുളം | 7/324 A | 2021-22 I & II<br>2022-23 I & II<br>2023-24 I & II | |
| 4 | ഐഡിയ കമ്മ്യൂണിക്കേഷൻസ്<br>കുമ്പളാംപൊയ്ക | 7/325 | 2021-22 I & II<br>2022-23 I & II<br>2023-24 I & II | |

മുകളിൽ പറഞ്ഞത് പ്രകാരം വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിനായി ഗ്രാമപ നടപടികൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-10/23-10-2 ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക ഒടുക്കു വരുത്താത്തതിന് രജിസ്റ്റേർഡ് ഡിമാന്റ് നോട്ടീസ് ന വരുത്താത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും ഗ്രാമപഞ്ചായത്ത് സെ( കുടിശ്ശിക തുക ഈടാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 ധാതു ഗതാഗത പെർമിറ്റ് - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

കെട്ടിട നിർമ്മാണ സ്ഥലത്ത് നിന്ന് മണ്ണ് നീക്കം ചെയ്യുന്നതിനായി ധാതു ഗതാഗത പെർമിറ്റ് അ വർഷത്തിന് ശേഷവും നിർമ്മാണം ആരംഭിക്കാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത സ്വീകരിക്കേണ്ടതാണ്.

ശ്രീ വിനു കെ.വി. & ശ്രീമതി ഷൈജു പി. ശശി, കൊല്ലംപറമ്പിൽ, പുതുശ്ശേരിമല എന്നീ പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019 പ്രകാരം അനുവദിച്ചിട്ടുള്ള 03-07-2023 തീയതിയിലെ BA ബിൽഡിംഗ് പെർമിറ്റും പ്ലാനും അനുസരിച്ച് കെട്ടിട നിർമ്മാണ സ്ഥലത്ത് നിന്ന് കൊണ്ടുപോകുന്നതിനായി ധാതു ഗതാഗത പെർമിറ്റ് അനുവദിച്ച് നൽകിരുന്നു. എസ്.സി3-460 2023 പ്രകാരമാണ് പെർമിറ്റ് അനുവദിച്ച് നൽകിയത്. ധാതു പെർമിറ്റ് പ്രകാരമുള്ള കാലാവധി 06 2023 (സർക്കാർ അവധി ദിവസങ്ങൾ ഒഴികെ) വരെയാണ്.

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14-ലെ ഉപചട്ടം(6) പ്രകാരം ഉടമ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ ലഭിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ കെ നിർമ്മാണമെങ്കിലും പൂർത്തിയാക്കണം. പ്രസ്തുത വിവരം പെർമിറ്റ് നൽകിയ ഗ്രാമപഞ്ചാ അറിയിക്കുകയും വേണം. ഈ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ലെ ഉപചട്ടം(7) പ്രകാരം പെർമിറ്റ് ലഭിക്കുന്നതിന് അടച്ച റോയൽറ്റിക്ക് പുറമെ റോയൽറ്റിയു അടക്കാൻ ധാതു ഗതാഗത പെർമിറ്റിന്റെ ഉടമ ബാധ്യസ്ഥൻ ആയിരിക്കും.

ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ പ്രസ്തുത കെട്ടിട ഉടമ കെട്ടിട നിർമ്മാണം നിലവിലും അ അറിയാൻ കഴിഞ്ഞത്. ആയതിനാൽ ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് എന്ത സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ ടിയാൾ കെട്ടിട നിർമ്മാണം ആരംഭിച്ചില്ലായെന്നും അഞ്ചിരട്ടി തുക ഫൈൻ ഈടാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നുമാണ് ഗ്രാമപ അറിയിച്ചത്. പ്രസ്തുത വിഷയത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യ

## 1-14 ഡിജിറ്റൽ പേയ്മെന്റ് കറന്റ് അക്കൗണ്ടിലെ തുക തനത് ഫണ്ട് എസ്.ബി അക്ക ട്രാൻസ്ഫർ ചെയ്യുന്നില്ല

ഡിജിറ്റൽ പേയ്മെന്റിനായി ഉപയോഗിക്കുന്ന അക്കൗണ്ടിൽ ലഭിച്ച തുക എല്ലാ മാസവും റീകൺ നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണെന്ന് 21-07-2023 തീ നം.എൽ.എസ്.ജി.ഡി./പി.ഡി./20073/2023-ആർഇവി2 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ സൗത്ത് ഇന്ത്യൻ ബാങ്കിലുള്ള UPI പേമെന്റ് അക്കൗണ്ടിൽ (നം.04220 തനതു ഫണ്ട് അക്കൗണ്ടിലേക്ക് 2023-24 സാമ്പത്തിക വർഷം തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടി സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.24 വരെ 862766 രൂപ അവശേഷിക്കുന്നുണ്ട്. സർക്കുലറിലെ നിർദേശ എസ്.ബി. അക്കൗണ്ടിൽ നിന്ന് ലഭിക്കേണ്ട പലിശ നഷ്ടമാകുന്നു. അപാകതയ്ക്ക് വിശദീകരണം 25.10.24-ൽ നൽകിയ 20-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക്, ഭരണസമിതിയുടെ നിർദേശ പ്രകാ ബാങ്കിലെ അക്കൗണ്ട് നിർത്തലാക്കി പുതുതായി ആരംഭിച്ച കാനറാ ബാങ്ക് അക്കൗണ്ടിൽ നിന്ന 25) മുതൽ തുക ട്രാൻസ്ഫർ ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടിക ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് പിരിവ് -സ്ഥാപനങ്ങളെ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല

ലൈസൻസ് ഫീസ് സംബന്ധിച്ച രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെ ചേർക്കുന്നു.

1) ലൈസൻസ് എടുത്തിട്ടുള്ള 395 സ്ഥാപനങ്ങളിൽ, 269 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്ര ഉൾപ്പെടുത്തിയിട്ടുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തിൽ ആകെ 1748 വാണിജ്യ സ്ഥാപനങ്ങൾ ഉള്ളതായും, ഇതിൽ 6 ഹരിതകർമസേനയുടെ സേവനം ലഭിക്കുന്നുണ്ടെന്നും രേഖകൾ വ്യക്തമാക്കുന്നു. നിരവധി സ്ഥാ എടുക്കാതെ പ്രവർത്തിക്കുന്നതായി ഇതിൽ നിന്നും വ്യക്തമാകുന്നു. ഹരിതകർമസേനയുടെ ലൈസൻസ് ആവശ്യമില്ലാത്തതുമായ സ്ഥാപനങ്ങളെ ഒഴിവാക്കി ലിസ്റ്റ് തയ്യാറാക്കേണ്ടതു പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ

## 1-16 ജീവനക്കാരുടെ തൊഴിൽ നികുതി - തുക ലഭ്യമായില്ല

ജീവനക്കാരുടെ തൊഴിൽ നികുതി നികുതി പിരിവ് രജിസ്റ്റർ, വരുമാന പത്രികകൾ എന്നിവ പരി ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമ ന്യായാലയം, ബ്ലോക്കുപടി എന്ന സ്ഥാപനം ആദ്യ അർദ്ധ വർഷം 6 ജീവനക്കാരുടെയും, 8 ജീവനക്കാരുടെയും ഇൻകം റിട്ടേൺ സമർപ്പിച്ച് തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്. സ്ഥാപനത്ത ന്യായാധികാരിയാണ് റിട്ടേൺ സമർപ്പിച്ചത്. എന്നാൽ ടി ഔദ്യോഗിക നാമത്തിലുള്ള ഉദ്യ വിവരങ്ങൾ റിട്ടേണിൽ രേഖപ്പെടുത്തി നികുതി ഒടുക്കിയിട്ടില്ല.
2. റാന്നി പോലീസ് സ്റ്റേഷനിലെ 36 ജീവനക്കാരുടെ ആദ്യ അർദ്ധ വർഷ തൊഴിൽ നികുതി 30 1230105450 പ്രകാരം ഒടുക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ടി രസീ സെക്രട്ടറി അപ്രൂവ് ചെയ്യുതും ക്യാൻസലേഷൻ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ചെക പ്രകാരമുള്ള പ്രസ്തുത തുക ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ ചേർത്തിട്ടില്ല. ബാങ്ക് പാസ് ബുക്കിൽ ത തുക വന്നിട്ടുമില്ല. 18.11.23 തീയതി പ്രകാരമുള്ള ചെക്ക് 31-3-2024-ൽ വരവായി സ്വീക വ്യക്തമായിട്ടില്ല. സ്ഥാപനത്തിലെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഗ്രാമപഞ്ചായത്ത എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ലഭിച്ചിട്ടില്ലെ ഡിമാന്റ് രജിസ്റ്ററിലും, വാർഷിക കണക്കിലും പ്രതിഫലിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/29-10-24)മറുപ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 മരണപ്പെട്ടവർക്ക് ക്ഷേമ പെൻഷൻ വിതരണം- തുടർനടപടികൾ സ്വീകരിക്കേ

ഗ്രാമപഞ്ചായത്തിലെ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ മരണപ്പെട്ട രണ്ട് വ്യക്ത പെൻഷൻ ലിസ്റ്റിൽ നിലനിൽക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ കൈപ്പറ്റുന്ന ആളുടെ പേരും വിലാസവും | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | പെൻ |
|---|---|---|---|---|
| 1 | സുകുമാരൻ.കെ.വി., കുളങ്ങര ഹൗസ്, റാന്നി | 103980200726 | 21-07-2024 | വാർദ്ധ പെൻ |
| 2 | മോഹനൻ കെ.വി.,താഴത്തെക്കുറ്റ്, മുണ്ടപ്പുഴ, റാന്നി | 103980201274 | 03-01-2024 | വാർദ്ധ പെൻ |

പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം-1 പ്രകാരമുള്ള ആൾ നിലവിൽ 2024 പെൻഷൻ മാത്രമാണ് കൈപ്പറ്റിയതെന്നും ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്ന സ്വീകരിച്ചിട്ടുണ്ടെന്നും, ക്രമ നം.2 പ്രകാരമുള്ള വ്യക്തി മരണപ്പെട്ടതിന് ശേഷം 2024 ജനുവരി മാ വരെയുള്ള കാലയളവിൽ അനധികൃതമായി കൈപ്പറ്റിയ 3000 രൂപ (അംശാദായ നം.120400820/28-10-2024 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയതായും അറിയിച്ചിട്ടുണ്ട്.

## 1-18 വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ ചെലവഴിക്കുന്നില്ല

വിവിധ ആവശ്യങ്ങൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളും വിവിധ സർക്കാർ ഏജൻസികള നൽകിയ ഗ്രാന്റുകൾ ചെലവഴിച്ചിട്ടില്ല. രേഖകൾ പരിശോധിച്ചതിൽ 47.45 ലക്ഷം രൂ ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത്. വിശദാംശം ചുവടെ ചേർക്ക

| ക്രമ നം. | ഇനം | 31-03-2024-ൽ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | Rural Housing- Housing For All | 360 |
| 2 | Integrated Child Development Scheme | 1862 |
| 3 | Grant From Suchitwa Mission | 4155 |
| 4 | Health Grant For Infrastructure To PHC | 8035 |
| 5 | Heaith Grnat Towards PHC And Subcentre | 178 |
| 6 | Sabarimala Grant | 2820 |
| 7 | Jalanidhi | 4309 |
| 8 | Grant For Specific Purpose | 5940 |
| 9 | Grant For Specific Purpose | 1416 |
| | **Total** | **47450** |

ലൈഫ് ഭവന നിർമ്മാണ പദ്ധതി, ശുചിത്വം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പോ അടിസ്ഥാന സൗകര്യ വികസനം തുടങ്ങി, പഞ്ചായത്തിലെ ഒഴിവാക്കാനാവാത്ത പ്രവർത്തനങ്ങൾക്കായി മുൻവർഷങ്ങളിൽ ഉൾപ്പെടെ ലഭിച്ച ഫണ്ടുകളാണ് ഇപ്രകാര പ്രയോജനപ്പെടാതെ നിഷ്ക്രിയാവസ്ഥയിലുള്ളത്. ഹെൽത്ത് ഗ്രാന്റ്, ഐ.സി.ഡി.എസ് ഇനങ്ങള തുക ചെലവഴിക്കുന്നതിനായി 2024-25 വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചത്.

ലഭ്യമായ ഫണ്ടുകൾ 2024-25 സാമ്പത്തിക വർഷം ചെലവഴിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വ മറുപടിയായി സെക്രട്ടറി അറിയിച്ചു. അംഗനവാടി പോഷകാഹാര വിതരണത്തിൽ ചെലവഴിക്ക തുക, അംഗനവാടി കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ വിനിയോഗിക്കേണ്ടതാണ്. മുകളിൽ പറഞ്ഞത് പ്രകാരമുള്ള തുകകൾ സൂക്ഷിക്കുന്നതിനായി ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് പ്രസ്തുത തുകകൾ സൂക്ഷിച്ചിട്ടുള ലഭ്യമാകുന്ന പലിശ ഉൾപ്പെടെയുള്ള തുകകൾ യഥാർത്ഥത്തിൽ പഞ്ചായത്തിന്റെ തനത് അ നിലവിൽ ഉപയോഗിച്ച് വരുന്നത്. ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിൽ അവശേഷിക്കുന്ന 415556 രൂ ശുചിത്വമിഷനിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക തിരിച്ചടക്കുമെന്നും ശബരി തുക നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കുമെന്നും ബയോഡൈവേഴ്സിറ്റി ഇനത്തിലുള്ള 59409 കൈവഴികളുടെ പുനരുദ്ധാരണത്തിനായി ബയോഡൈവേഴ്സിറ്റി ബോർഡിൽ നിന്നും ലഭിച്ച തുകയ 2024-25 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി മൈനർ ഇറിഗേഷൻ വകുപ്പിന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഓൺലൈൻ പദ്ധതിക്കായി ലഭിച്ച തുകയായ 141688 രൂപ ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ

വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ തുക വിനിയോഗിച്ച് പ്രോജക്ട് തയ്യാറാക്കി പ്രയോജനപ്പെടുത്തേണ്ടതാണ്. ലഭിച്ച ഗ്രാന്റ് വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത

ലഭ്യമായ ഫണ്ട് തിരികെ നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീക ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾ നീക്കം ചെയ്തതിലൂടെ ഗ്രാമപഞ്ചാ വാർഷിക ലാഭം 7 ലക്ഷം രൂപ

പ്രവർത്തനക്ഷമമല്ലാത്ത 48 പൊതു ടാപ്പുകൾ നീക്കം ചെയ്തതിലൂടെ വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്തിന് ഒരു വർഷം ലാഭിക്കാൻ കഴിയുന്നു.

2023-24 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഗ്രാമപഞ്ചായത്തിലുണ്ടായിരുന്ന പൊതു ആയിരുന്നു. ഒരു ടാപ്പിന് 14559.12 പ്രകാരം വാർഷിക വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിക തുക 86141 രൂപയായിരുന്നു. ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിനായി വ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം 89700 രൂപ അടവാക്കുകയും പ്രവർത്തന ക്ഷമമല്ലാത്ത 48 ടാപ്പുക ചെയ്തു. ഇത് പ്രകാരം അവശേഷിച്ച ടാപ്പുകളുടെ എണ്ണം 23 മാത്രമാണ്. 23 ടാപ്പുകൾക്കായി ഗ്രാമ അടവാക്കുന്ന വെള്ളക്കരം 27905 രൂപ മാത്രമാണ്. പ്രസ്തുത നടപടിയിലൂടെ ഗ്രാമപഞ്ചായത്തിന് ഒരു മാസം 58236 രൂപയും ഒരു വർഷം 698832 രൂപയും ലാഭിക്കാൻ കഴിഞ്ഞു. ഗ്രാമപഞ്ചായ മാതൃകാപരവും അഭിനന്ദനാർഹവുമാണ്.

## 1-20 ലൈഫ് മിഷൻ വായ്പ- അധികമായി തുക തിരികെ അടവാക്കി

ലൈഫ് മിഷൻ പദ്ധതി - കെ.യു.ആർ.ഡി.എഫ്.സി. വായ്പ ഇനത്തിൽ 1877317 രൂപയാ എടുത്തിട്ടുള്ളത്. എന്നാൽ 2089855 രൂപയാണ് ഗ്രാമപഞ്ചായത്ത് തിരികെ അടവാക്കിയിട്ടുള്ള രൂപ അധികമായി തിരിച്ചടച്ചു. ലോൺ തുകയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| **സാമ്പത്തിക വർഷം** | **ലഭിച്ച തുക** | അടവാക്കിയ തുക | **ലോൺ അടവാക്കുവാൻ അവശേഷിക്കുന്നത്** |
|---|---|---|---|
| 2018-19 | 1779088 | 0 | 1779088 |
| 2019-20 | 98229 | 191177 | 1686140 |
| 2020-21 | 0 | 307490 | 1378650 |
| 2021-22 | 0 | 414333 | 964317 |
| 2022-23 | 0 | 588427 | 375890 |
| 2023-24 | 0 | 588428 | -212538 |

ഭവനനിർമ്മാണത്തിനായി കെ.യു,ആർ.ഡി.എഫ്.സി. വായ്പ ഇനത്തിൽ 1877317 രൂപയാണ് വ വികസന ഫണ്ട്, എസ്.സി.പി. ഫണ്ട്, റ്റി.എസ്.പി ഫണ്ട് എന്നീ വിഭാഗങ്ങളിലായി 208985 ഡിഡക്ഷൻ പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും തിരികെ പിടിച്ചിട്ടുള്ളത്. ഇത് ഗ്ര അധികമായി അടവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് എടുക്കാത്ത ലോൺ തുകയാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് അടിയന്തിരമ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ധനകാര്യ കമ്മീഷൻ ഗ്രാന്റ് 9.68 ലക്ഷം നഷ്ടമായി

2023-24 സാമ്പത്തിക വർഷം സി.എഫ്.സി. (അൺടൈഡ്) ഇനത്തിൽ ജി.ഒ.(ആർ.ടി)നം.1961 01-13-2024 പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച 968000 രൂപ ഗ്രാമപഞ്ചായത്തിന്റെ റാ ശാഖയിലുള്ള (അക്കൗണ്ട് നം.10400100251461) സി.എഫ്.സി. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിട്ടി

പ്രസ്തുത വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ടും, തുക ലഭിക്കുന്നതിനായി ഗ്രാമപ തുടർനടപടികളുടെ വിവരം അറിയിക്കണമെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക ലഭ്യമാക്കിയ മറുപടിയിൽ, സാംഖ്യ വെബ്ബിലെ സാങ്കേതിക പ്രശ്നം മൂലം ട്രഷറിയിൽ ബി സാധിച്ചില്ലെന്നും ഇത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ വിവരം അറിയിച്ചെ ഉണ്ടായില്ലായെന്നുമാണ് സെക്രട്ടറി അറിയിച്ചത്. 2024-25 സാമ്പത്തിക വർഷം തുക ലഭിക്കുന്നതിനായി ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ അപേക്ഷ സമർപ്പിച്ചെങ്കി ഉണ്ടായില്ലെന്നും ആയതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം സർക്കാരിലേക്ക് അ തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക റീ അലോട്ട് ചെയ്ത് ലഭിക്കുന്നത് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 വാഹന റിപ്പയറിംഗ്- സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖ (സ.ഉ(എം.എസ്)നം.170/07/ത 06-2007) പ്രകാരം പതിനായിരം രൂപയിൽ കൂടുതലുള്ള വാഹന റിപ്പയറിംഗ് ചെലവുകൾ സർക്കാർ അംഗീകൃത വർക്ക് ഷോപ്പിലാണ് നടത്തേണ്ടത്. കൂടാതെ പി.ഡബ്ല്യൂ.ഡി. മെക്ക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്, എക്കോണമി സർട്ടിഫ അടിസ്ഥാനത്തിലായിരിക്കണം വാഹന റിപ്പയറിംഗ് നടത്തേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാഹനം (നം. KL 62B 5887) റിപ്പയറിംഗ് നടത്തിയ വകയിൽ ശ്രീകൃപ എന്ന സ്ഥാപനത്തിന് ചെക്ക് നം.32509/15-11-2023 പ്രകാരം 47835 രൂപ നൽകിയിരുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഇപ്രകാരം റിപ്പയറിംഗ് നടത്തിയിട്ടുള്ളത്.

